# ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ്

## 2023-24

2023 മാർച്ച് 14

# ആമുഖ പ്രസംഗം

പ്രിയമുള്ളവരെ,

കേരളം അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും യഥാർത്ഥ പാതയിലേക്ക് തിരിച്ചുവന്നിട്ടുള്ള സന്ദർഭത്തിലാണ് ഭരണ സമിതി അധികാരം ഏറ്റെടുത്തത്. ഭരണസമിതിയുടെ മൂന്നാം വർഷത്തെയും 2023 – 24 സാമ്പത്തിക വർഷത്തിലേക്കുമായുള്ള ബജറ്റ് അവതരണത്തിനാണ് നാം ഇവിടെ ഒത്ത്കൂടിയിട്ടുള്ളത്.

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 100 ശതമാനം പദ്ധതി ഫണ്ട് വിനിയോഗിക്കുമെന്നുള്ള ശുഭ പ്രതീക്ഷ പങ്ക് വെയ്ക്കുന്നതോടൊപ്പം ആയതിനായി ഒത്തൊരുമയോടെ പരിശ്രമിക്കുന്ന ജനപ്രതിനിധികൾ നിർവ്വഹണ ഉദ്യോഗസ്ഥർമാർ, മറ്റു ജീവനക്കാർ എന്നിവരെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് വെയ്ക്കുന്ന പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സമസ്ഥ മേഖലകളേയും സ്പർശിക്കുന്ന ബജറ്റിൽ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് മിഷനും പ്രകൃതി സൗഹൃദ ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിനും, കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് വാട്ടർ എ.ടി.എം , കിണർ റീചാർജിംഗ് എന്നി പദ്ധതികൾക്കും മുൻഗണന നൽകുന്നുണ്ട്.

കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്ന പദ്ധതികളും വനിതകൾക്ക് തൊഴിലധിഷ്ഠിത സംരംഭങ്ങൾക്കും ക്ഷീര മേഖലയിൽ കാലിത്തീറ്റ സബ്സിഡി , ആരോഗ്യ മേഖലയിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ സഹായം, വയോജന, ഭിന്നശേഷി, കൗമാരക്കാർ, വനിതകളുടെ ആരോഗ്യ സംരക്ഷണം, സാന്ത്വന പരിചരണം, പശ്ചാത്തല മേഖലയിലുള്ള പ്രവർത്തികൾ, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒത്തൊരുമയോടെ ഇനിയും മുന്നോട്ട് പോകാം എന്നാശംസിച്ചുതകൊണ്ട് ബജറ്റ് അവതരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. മോഹനൻ വലിയാട്ടിലിനെ ക്ഷണിച്ചുകൊള്ളുന്നു.

മാപ്രാണം
14.03.203

ശ്രീമതി. ലളിത ബാലൻ
പ്രസിഡണ്ട്
ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

ബഹുമാന്യരെ,

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനം 25 വർഷം പൂർത്തീകരിച്ച് പതിനാലാം പഞ്ചവൽസര പദ്ധതി ആരംഭിച്ചിട്ടുള്ള ഘട്ടത്തിലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് വിശദമാക്കുന്ന ബജറ്റ് സന്തോഷത്തോടെ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടേയും മഹാവ്യാധികളുടേയും ഭീഷണി നിലനിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പുറംരാജ്യങ്ങളുമായി ഇഴുകിചേർന്ന നിലയിലാണ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥ നിലനിൽക്കുന്നത്. വിലകയറ്റവും ആഗോളതാപനവും ഒരു പരിധി വരെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും കേരളം വളർച്ചയുടേയും അഭിവൃദ്ധിയുടോയും പാതയിലേക്ക് തിരിച്ചുവന്നു കൊണ്ടിരിക്കുന്നു വെന്നാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയെന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ബഹു.കേരള ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ടിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിന്റെ ഭൂപ്രദേശത്തേയും ജനവിഭാഗങ്ങളുടേയും പ്രത്യേകതകൾ പരമാവധി പരിഗണിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം വിജയകരമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

പതിനാലാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്യുന്ന സുസ്ഥിര വികസനം ലക്ഷ്യം വെച്ചുകൊണ്ട് വിവിധ മേഖലകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടും ധനകാര്യകമ്മീഷൻ ഗ്രാന്റും ഉൾപ്പെടുത്തി തയ്യാറാക്കിയ ബജറ്റിൽ സമ്പൂർണ്ണ ഭവന നിർമ്മാണത്തിനും ഖരമാലിന്യ സംസ്കരണം , കുടിവെള്ള സംരക്ഷണം എന്നിവക്ക് മുഖ്യ പരിഗണന നൽകുന്നു.

നെൽകൃഷി വികസനം, കാലിത്തീറ്റ സബ്സിഡി, കുടിവെള്ള മേഖലയിൽ വാട്ടർ എ.ടി.എം., കിണർ റീചാർജിങ്, സേവന മേഖലയിൽ പരിസ്ഥിതി സൗഹൃദ ഗ്യാസ് ക്രിമിറ്റോറിയം പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികള്, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകള് എന്നിവ 2023-24 വർഷം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഫണ്ട് വകയിരുത്തിയിരിക്കുന്നു.

വനിതകളുടെ ആരോഗ്യ സംരക്ഷണം, വയോജനങ്ങൾ, കുട്ടികൾ ഡയാലിസിസ് രോഗികൾ, കലാകാരൻമാർ, സാക്ഷരത തുടങ്ങിയ സമസ്ത മേഖലകളിലും ബജറ്റ് വർഷം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് തുക മാറ്റി വെക്കുന്നുണ്ട്.

## ഉല്പാദന മേഖല

കേരളീയർക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യവും പ്രതിപത്തിയും കുറഞ്ഞ് വരുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നെൽകൃഷി ആദായകരമല്ല എന്ന് പരക്കെ അറിയപ്പെട്ടതോടെയാണ് കൃഷി കുറയാൻ കാരണമായത്. കൂടാതെ തൊഴിലാളി ക്ഷാമവും കൃഷി ഉപജീവനമായി കഴിയുന്നവരുടെ കുറവും ബ്ലോക്ക് പരിധിയിൽ ഒരു പരിധി വരെ നെൽപാടങ്ങൾ തരം മാറ്റി മറ്റു വിളകൾക്ക് ഉപയോഗിക്കുന്നതിന് കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്. മണ്ണും വെള്ളവും പരിസ്ഥിതിയും ചൂഷണങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്നു.

എന്നിരിന്നാലും സംസ്ഥാനത്തെ കാർഷിക മേഖല മാറ്റത്തിന്റെ പാതയിലാണ്. മണ്ണും കാർഷിക സംസ്ക്കാരവും തിരിച്ചുപിടിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുന്നതിനും കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ യന്ത്രസഹായത്തോടെ കൃഷി ഭൂമിയാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തി തരിശു രഹിത ബ്ലോക്ക് പഞ്ചായത്തായി നിലനിർത്തുന്നതിനുള്ള പരിശ്രമങ്ങൾ ഭരണസമിതി തുടരുകയാണ്.

ബജറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദന വർദ്ധനവിനുമായി വനിതകളെ കൂടി കൃഷിയുടെ ഭാഗമായി മാറ്റിയെടുക്കുന്നതിനും കൂലിചെലവ് സബ്സിഡി ഇനത്തിൽ 18 ലക്ഷം രൂപ വകയിരുത്തുന്നു.

ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി ഇറക്കുന്നതിനാവശ്യമായ സഹായ പദ്ധതി നടപ്പിലാക്കുന്നത് മുഖേന ബ്ലോക്ക് പഞ്ചായത്ത് പരിധിയെ പച്ചക്കറി സ്വയം പര്യാപ്തമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി 'പച്ചക്കുട' പദ്ധതി പ്രകാരം വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണത്തിന് 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഹൈടെക്ക് ഫാമുകൾ പലയിടുത്തും ആരംഭിച്ചതിനെ തുടർന്ന് പാലുത്പാദനം വർദ്ധിച്ചുവെങ്കിലും സാധാരണ കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. കന്നുകാലികളുടെ പരിപാലനം, മരുന്ന് എന്നിവയ്ക്കുള്ള

ചെലവ് കർഷകർക്ക് ഭീഷണിയായിരിക്കുകയാണ്. ആയതിന് ഒരു ചെറിയ പരിഹാരമായിട്ടാണ് ക്ഷീരകർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡിയായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിൽ മുട്ട ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മുട്ടക്കോഴി വിതരണത്തിന് 1,73,240/- രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു. സ്ത്രീകൾക്ക് തൊഴിലും വരുമാനവും അതുവഴി സുരക്ഷിതത്തവും ലഭിക്കുന്നതിനുള്ള പദ്ധതികൾക്കുള്ള ഫണ്ട് ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് വനിതഗ്രൂപ്പുകൾക്ക് 3,75,000/- രൂപയും ഫിനിഷിങ് സ്ക്കൂൾ നൈപുണ്യ വികസനത്തിന് 5,00,000/- രൂപയും ബജറ്റിൽ വകയിരുത്തുന്നു.

## സേവന മേഖല

അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തിൽ 4.3 ലക്ഷം ഭവനരഹിതർക്കും ഭൂരഹിതർക്കും സ്വന്തമായി തൊഴിൽചെയ്ത് ഉപജീവനം നയിക്കുന്നതിനും സാമ്പത്തിക സേവനം ഉൾപ്പെടെ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളുടേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതമായ വീടുകൾ ഒരുക്കുക എന്ന ഉദ്ദേശത്തോടെയാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിടുന്നത്.. ലൈഫ് മിഷൻ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ അർഹരായ കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനു ആവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിനായി ബജറ്റിൽ മുഖ്യപരിഗണന നൽകി കൊണ്ട് 97.6 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ പിഎംഎവൈ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ /എസ് സി വീടുകൾക്ക് 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിന് വിവിധ സഹായ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ബജറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന 208 കുട്ടികൾക്ക് പഠനസഹായ സ്കോളർഷിപ്പിനായി 13 ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്യുന്ന പദ്ധതിക്ക് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അംങ്കണവാടികളിൽ അനുപൂരക പോഷകാഹാരത്തിനായി 7,50,000 രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു.

ജീവിതശൈലി രോഗങ്ങളിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകി ആരോഗ്യം വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കന്ന വനിത ഫിററ്നെസ് സെൻററിന് 6 ലക്ഷം രൂപ വകയിരുത്തുന്നു.

പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ഉന്നമനത്തിനായുള്ള സാഹചര്യം ഒരുക്കുന്നതിന് പഠനമുറിക്ക് 40 ലക്ഷം രൂപ ബജറ്റിൽ മാറ്റിവെയ്ക്കുന്നു. പട്ടികജാതി യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകുന്നതിന് 2,85,000/- രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വേനൽകാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. മുഖ്യ കുടിവെള്ള സ്രോതസ്സായ കിണറുകളിലെ വെള്ളം ജനുവരി മാസം മുതൽ വറ്റിപോകുന്ന അവസ്ഥയാണുള്ളത് ബ്ലോക്ക് പരിധിയിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നിരവധി കുടിവെള്ള പദ്ധതികൾ നടപ്പു വർഷം ഏറ്റെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു. 2023-24 സാമ്പത്തിക വർഷം കുടിവെള്ള മേഖലയിൽ ഊന്നൽ നൽകികൊണ്ട് കിണർ റീച്ചാർജ്ജിനായി 12,48,000 രൂപ വകയിരുത്തിയും. കൂടാതെ വാട്ടർ എടിഎം സ്ഥാപിക്കുന്നതിനായി 12 ലക്ഷം രൂപയും , കിണർ നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും മാറ്റിവെച്ചിട്ടുണ്ട്.

വൃത്തിയും വെടുപ്പുമുള്ള ഹരിതാഭമായ ഗ്രാമപ്രദേശം ഉത്തരവാദിത്വമുള്ള ജനതയുടെ പങ്കാളിത്തത്തോടെ സൂക്ഷിക്കുക എന്നതാവണം മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ പരിസ്ഥിതി സൌഹൃദപരവും സുസ്ഥിരവുമായ പദ്ധതി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ചെലവ് കുറഞ്ഞതും സമയലാഭവും പുകരഹിതവും ഗന്ധമില്ലാത്തതുമായ വാതക ശ്മശാനം കാറളം ഗ്രാമപഞ്ചായത്തിന്റെ വെള്ളാനിയിൽ സ്ഥാപിക്കുന്നതിന് മുൻഗണന നൽകികൊണ്ട് തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി മുവ്വായിരത്തി ഇരുന്നൂറ് രൂപ വകയിരുത്തുന്നു.

ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനവും രോഗാതുരത മോണിറ്റർ ചെയ്യുന്നതിനും കേരളം മുൻപന്തിയിലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ആനന്ദപുരം, കാട്ടൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രം കേന്ദ്രീകരിച്ചാണ് ആരോഗ്യ മേഖലയിലെ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കുന്നത്. ബജറ്റ് വർഷം പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്കായി 12,64,930/- രൂപ വകയിരുത്തിയിട്ടുണ്ട്. വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായമായി 4 ലക്ഷം രൂപയും മാറ്റിവെച്ചിട്ടുണ്ട്. മികച്ച ചികിത്സാ സേവനം ഉറപ്പാക്കുന്നതിനായി സി എച്ച് സി കളിൽ നിയോഗിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേതനം നൽകുന്നതിന് 22,20,000/- രൂപ വകയിരുത്തുന്നുണ്ട്.

കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിക്ക് 3,60,000/- രൂപയും കേരളോത്സവത്തിന് 1,20,000/- രൂപയും സദ്ഭരണത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, പദ്ധതി ആസൂത്രണം മോണിറ്ററിംഗ് തുടങ്ങിയ പദ്ധതികൾക്കും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## മെയിന്റനൻസ് ഗ്രാൻറ്

ഘടക സ്ഥാപനമായ കാട്ടൂർ സി.എച്ച്.സി യുടെ ചുറ്റുമതിൽ നിർമ്മാണത്തിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ് ഓഫീസ്, എസ്.സി.ഡി.ഒ ഓഫീസ് എന്നിവ ഐ.എസ്.ഒ വത്ക്കരണത്തിന് 13 ലക്ഷം രൂപ അനുവദിക്കുന്നു. കൂടാതെ സി.ഡി.പി.ഒ ഓഫീസിലെ ഹാൾ നിർമ്മാണം മെയിന്റനൻസ്, ഫർണീച്ചർ, പ്രവർത്തിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു. ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കുള്ള 5,80,000/- രൂപയും സി.എച്ച്.സി കളിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് 5 ലക്ഷം രൂപയും വകയിരുത്തുന്നുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പുവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാല് ഗ്രാമപഞ്ചായത്തുകളിലായി 2399 പ്രവർത്തികൾ ഏറ്റെടുക്കാൻ വാർഷിക കർമ്മ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനായി റോഡ് നിർമ്മാണം, കാന നിർമ്മാണം എന്നിവ ഓരോ പഞ്ചായത്തിലും നടപ്പിലാക്കും.

മണ്ണ് ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയ്ക്ക് കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള സംരക്ഷണം. സൈഡുകൾ ബലപ്പെടുത്തൽ, പൊതുകുളങ്ങളുടെ നവീകരണം, കിണർ നിർമ്മാണം, ഫാം പോണ്ട് നിർമ്മാണം, കിണർ റീചാർജ്ജിംഗ് എന്നീ പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വത്തിൻെറ ഭാഗമായി എല്ലാ വീടുകളിലും കംമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, ഐ.എച്ച്.എച്ച്.എൽ എന്നിവ നടപ്പിലാക്കും. ഹരിത കേരളത്തിന്റെ ഭാഗമായി ബി.പി.എൽ കുടുംബങ്ങൾക്ക് വൃക്ഷതൈ നട്ടുപിടിപ്പിക്കലും സംരക്ഷണവും, റോഡ് സൈഡ്, ട്രീ പ്ലാന്റേഷൻ, എന്നിവയും ലക്ഷ്യമിടുന്നു. നടപ്പുവർഷത്തിൽ 100 ദിവസം തൊഴിൽ പൂർത്തീയാക്കിയവർ 900 വരുമെന്ന് പ്രതീക്ഷിക്കുന്നു. ബജറ്റ് വർഷത്തിൽ 9 കോടി രൂപ ഈ മേഖലയ്ക്ക് വക കൊള്ളിക്കുന്നു.

## ഉപസംഹാരം

സുസ്ഥിര വളർച്ച, ഉപജീവന സുരക്ഷ, സാമൂഹ്യ നീതി, തുല്യത എന്നിവ ഉറപ്പാക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് .

*ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല*

*സംതൃപ്തി ഉളവാകുന്നത്.*

*സമ്പൂർണ്ണ ശ്രമം*

*സമ്പൂർണ്ണ വിജയമാകുന്നു.*

എന്ന ഗാന്ധിയൻ വചനം ഓർക്കുന്നു.

നമ്മുടെ പൂർവ്വ മഹാരഥൻമാരുടെ വാക്കുകളും പ്രവർത്തികളും മുന്നോട്ടുള്ള പ്രയാണത്തിൽ വെളിച്ചമാകട്ടെയെന്നാശംസിക്കുന്നു...

***15,10,31,227/- രൂപ പ്രതീക്ഷിത വരവും 14,78,63,320/- രൂപ പ്രതീക്ഷിത ചെലവും 31,67,907/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.***

(ഒപ്പ്)

ഇരിങ്ങാലക്കുട — ശ്രീ. മോഹനൻ വലിയാട്ടിൽ

14.03.2023 — വൈസ് പ്രസിഡണ്ട് &

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

| | | | |
|---|---|---|---|
| | **പ്രധാനപ്പെട്ട വരവിനങ്ങൾ താഴെ പറയും പ്രകാരം** | | |
| 1 | പ്രാരംഭ നീക്കിയിരിപ്പ് | - | **3514457** |
| 2 | നികുതി വരുമാനം | - | 0 |
| 3 | നികുതി ഇതര വരുമാനം | - | 639770 |
| 4 | ജനറൽ പർപ്പസ് ഗ്രാന്റ് | - | 7069000 |
| | **ആകെ** | | **7708770** |
| | **സർക്കാർ ഗ്രാന്റുകൾ പദ്ധതിചെലവുകൾ** | - | |
| 5 | വികസന ഫണ്ട് ജനറൽ | - | 15047000 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 2990400 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ് | | 4485600 |
| 8 | വികസന ഫണ്ട് (എസ്.സി.പി) | - | 13261000 |
| 9 | വികസന ഫണ്ട് (ടി.എസ്.പി) | - | 0 |
| 10 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 7872000 |
| 11 | കേന്ദ്രാവിഷ്കൃത ഫണ്ട് | - | 5480000 |
| 12 | ഗ്രാമപഞ്ചായത്ത് വിഹിതം | - | 280000 |
| 13 | ജില്ലാ പഞ്ചായത്ത് വിഹിതം | - | 392000 |
| 14 | എം.ജി.എൻ.ആർ.ഇ.ജി.എസ് | - | 90000000 |
| | **ആകെ വരവുകൾ** | - | 139808000 |
| | **ആകെ വരവുകളും പ്രാരംഭ ബാക്കിയും** | - | **151031227** |
| | | | |
| | **പ്രധാനപ്പെട്ട ചെലവിനങ്ങൾ താഴെപറയും പ്രകാരം** | | |
| | | | |
| | **ഭരണ ചെലവുകൾ** | | |
| 15 | ഓഫീസ് ചെലവുകൾ | - | 759920 |
| 16 | വാർത്താ വിനിമയ ചെലവുകൾ | - | 60000 |

| | | | |
|---|---|---|---|
| 17 | പുസ്തകങ്ങളും ആനുകാലികങ്ങളും | - | 50000 |
| 18 | അച്ചടിയും സ്റ്റേഷനറിയും | - | 200000 |
| 19 | ഇൻഷുറൻസ് | - | 30000 |
| 20 | മറ്റ് നീതിന്യായ സേവന ചെലവുകൾ | - | 40000 |
| 21 | മറ്റ് സേവന ചെലവുകൾ | | 25000 |
| 22 | പരസ്യവും പ്രചരണവും | - | 100000 |
| 23 | മെമ്പർഷിപ്പ് / വരിസംഖ്യ | - | 4500 |
| 24 | അസാധാരണ ചെലവുകൾ | - | 100000 |
| 25 | മറ്റ് ഭരണ ചെലവുകൾ | - | 650000 |
| | **ആകെ ഭരണ ചെലവുകൾ** | - | **2019420** |
| | **<u>ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ</u>** | | |
| 26 | ശമ്പളം | | 1347800 |
| 27 | കൂലി | - | 507000 |
| 28 | യാത്രാബത്ത | - | 45000 |
| 29 | മറ്റ് ബത്തകൾ | - | 0 |
| 30 | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | - | 1521600 |
| 31 | ജനപ്രതിനിധികൾക്കുള്ള യാത്രാ ബത്ത | - | 50000 |
| 32 | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | - | 150000 |
| | **ആകെ ചെലവ്** | - | **3621400** |
| | **<u>സംരക്ഷണവും നടത്തിപ്പും</u>** | | |
| 33 | ഡീസൽ, പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ് | - | 350000 |
| 34 | വൈദ്യുതി | - | 50000 |
| 35 | വാഹന വാടക | - | 400000 |

| | | | |
|---|---|---|---|
| 36 | പൊതു കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും | - | 150000 |
| 37 | സംരക്ഷണവും അറ്റകുറ്റപണികളും മാലിന്യ നിർമ്മാർജന പദ്ധതികൾ | | 50000 |
| 38 | സംരക്ഷണവും അറ്റകുറ്റപണികളും ജംഗമ ആസ്തികൾ | - | 50000 |
| 39 | സംരക്ഷണവും അറ്റകുറ്റപണികളും മറ്റ് സ്ഥിരം ആസ്തികൾ | - | 45000 |
| 40 | മറ്റ് മെയിന്റനനൻസ് ചെലവുകൾ | - | 60000 |
| 41 | ബാങ്ക് ചാർജസ് | - | 1500 |
| | **ആകെ നടത്തിപ്പ് സംരക്ഷണ ചെലവുകൾ** | - | **1156500** |
| | **അനിവാര്യ ചെലവുകൾ ആകെ** | - | ***6797320*** |
| | **ഉൽപാദന മേഖല** | | |
| 42 | കൃഷിയും അനുബന്ധ മേഖലകളും – നെൽകൃഷി | - | 1800000 |
| 43 | വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി | - | 400000 |
| 44 | മൃഗസംരക്ഷണം മുട്ടക്കോഴി | | 154860 |
| 45 | മൃഗസംരക്ഷണം എ.ബി.സി പ്രോഗ്രാം | | 50000 |
| 46 | ക്ഷീര വികസനം | - | 1000000 |
| 47 | ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ പദ്ധതി | | 1125000 |
| 48 | മണ്ണ് ജല സംരക്ഷണം – എം.ജി.എൻ.ആർ.ഇ.ജി.എസ് | - | 90000000 |
| | **ഉൽപാദന മേഖല ആകെ** | - | **94529860** |
| | **സേവന മേഖല** | | |
| 49 | തുടർ സാക്ഷരത | | 100000 |
| 50 | കായികം | | 30000 |
| 51 | യുവജനക്ഷേമം | - | 435000 |
| 52 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | - | 4050000 |

| | | | |
|---|---|---|---|
| 53 | പട്ടികജാതി വിദ്യാർത്ഥികളുടെ ഉപരിപഠനം | - | |
| 54 | കല സംസ്കാരം സ്പോർട്ട് യുവജനക്ഷേമം | - | 360000 |
| 55 | ഹെൽത്ത് സെന്ററുകൾ - ആശുപത്രികൾ | - | 2220000 |
| 56 | പെയിൻ ആന്റ് പാലിയേറ്റീവ് | - | 1264930 |
| 57 | മറ്റ് ആരോഗ്യ പരിപാടികൾ വൃക്ക രോഗികൾക്ക് ഡയാലിസിസ് | | 450000 |
| 58 | മരുന്നുകൾ | | 500000 |
| 59 | കുടിവെള്ളം, വാട്ടർ എ.ടി.എം, കിണർ റീച്ചാർജ്ജിംഗ് | | 2642800 |
| 60 | ശുചിത്വം | | 300000 |
| 61 | ഗ്യാസ് ക്രിമിറ്റോറിയം | | 9533200 |
| 62 | ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | | 150000 |
| 63 | ഭവനനിർമ്മാണം/ലൈഫ് | - | 11355400 |
| 64 | ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് | - | 1350000 |
| 65 | വനിതാക്ഷേമ പരിപാടി | - | 600000 |
| 66 | മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ, ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | | 500000 |
| 67 | സദ്ഭരണം | | 100000 |
| 68 | പദ്ധതി രൂപീകരണം | - | 150000 |
| 69 | നൈപുണ്യ വികസനം - തൊഴിൽ പരിശീലനം | | 500000 |
| 70 | **സേവന മേഖല ആകെ** | | **36591330** |
| | **<u>മേഖലാ വിഭജനത്തിൽ പെടാത്ത പ്രൊജക്ടുകൾ</u>** | | |
| 71 | ഐ.കെ.എം ന് വിഹിതം | - | 38232 |
| 72 | ആശ്രയ പദ്ധതി | - | 150000 |

| | | | |
|---|---|---|---|
| 73 | അങ്കണവാടി പോഷകാഹാരം | - | 1150000 |
| | ആകെ | - | **1338232** |
| | പശ്ചാത്തലം | | |
| 74 | ഊർജ്ജ സംരക്ഷണം | | 200000 |
| | **മെയിന്റനൻസ് റോഡിതരം റവന്യൂ ചെലവുകൾ** | | |
| 75 | ആരോഗ്യ മേഖല | - | 3400000 |
| 76 | മറ്റ് സ്ഥാപനങ്ങൾ | - | 952000 |
| | **ആകെ** | - | **4352000** |
| | **മൂലധന ചെലവുകൾ** | | |
| 77 | പൊതു കെട്ടിടങ്ങൾ ടോയ്‌ലറ്റ് കോംപ്ലക്സ് | - | 2034578 |
| 78 | ജംഗമ സ്വത്തുക്കൾ | - | 2020000 |
| | **ആകെ മൂലധന ചെലവുകൾ** | - | 4054578 |

| | |
|---|---|
| ***മുൻബാക്കി*** | **3514457** |
| ***പ്രതീക്ഷിത വരവ്*** | **147516770** |
| ***ഒട്ടാകെ*** | **151031227** |
| ***ആകെ പ്രതീക്ഷിത ചെലവ്*** | **147863320** |
| ***നീക്കിയിരിപ്പ്*** | **3167907** |

# ജെന്റർ ബജറ്റ്

വനിതകളുടെ ശാക്തീകരണം ത്രിതല പഞ്ചായത്തുകളുടെ പ്രധാന ചുമതലയിൽ പെട്ടതാണ്. അത്കൊണ്ട് തന്നെ പഞ്ചായത്തുകൾക്ക് അനുവദിച്ച് തരുന്ന വികസന ഫണ്ടിൽ നിന്നും നിർബന്ധമായും 10 ശതമാനം തുക വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനും നീക്കി വെയ്ക്കേണ്ടതുണ്ട്. സ്ത്രീകൾ നേരിടുന്ന പലവിധ ചൂഷണങ്ങൾ, വിവേചനങ്ങൾ, അടിച്ചമർത്തൽ എന്നിവ ഗണ്യമായി കുറയ്ക്കുന്നതിനും തടയുന്നതിനും ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവസരങ്ങളുംഅവകാശങ്ങളും ലഭ്യമാക്കുക എന്നതാണ് ലിംഗ നീതിയുടെ അടിസ്ഥാനം.

ബ്ലോക്ക് പഞ്ചായത്ത് സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് 32,79,860/- രൂപ 2023–24 വാർഷിക പദ്ധതിയൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 500000 |
| 2 | പച്ചക്കുട – അയൽക്കൂട്ടം – എ.ഡി.എസ്, ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വികരണം | 400000 |
| 3 | വൈജ്ഞാനികം – വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി | 375000 |
| 4 | വൈജ്ഞാനികം – എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സബ്സിഡി | 750000 |
| 5 | ഫിനിഷിംഗ് സ്കൂൾ – നൈപുണ്യ വികസനം | 500000 |
| 6 | ഫിറ്റ്നസ് സെന്റർ– പറപ്പൂക്കര പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | 600000 |
| 7 | മുട്ടക്കോഴി പഞ്ചായത്തുകൾക്ക് വിഹിതം | 154860 |

# ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | പുതിയത് | വികസന ഫണ്ട് | | തനത് ഫണ്ട് | കേന്ദ്രാവിഷ്കൃതം | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | മറ്റ് തദ്ദേശ സ്ഥാപനങ്ങൾ | | വായ്പ | ഗുണഭോക്തൃവിഹിതം | അടങ്കൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം | പട്ടിക ജാതി വിഭാഗം | | | ബേസിക് ഗ്രാന്റ് | ടൈഡ് ഗ്രാന്റ് | ഗ്രാമ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | | | |
| 1 | | SEC(BP) | ലൈഫ് ഭവനപദ്ധതി - ജനറൽ - ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | പുതിയത് | 2785400 | | | | | | | | | | 2785400 |
| 2 | | SEC(BP) | പി.എം.എ.വൈ ആവാസ് പ്ലസ് 23-24 ജനറൽ | പുതിയത് | 224000 | | | | | | | | | | 224000 |
| 3 | | CDPO | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര വിതരണ പരിപാടി - ബ്ലോക്ക് വിഹിതം നൽകൽ | പുതിയത് | 750000 | | | | | | | | | | 750000 |
| 4 | | CDPO | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | പുതിയത് | 1350000 | | | | | | | | | | 1350000 |
| 5 | | SEC(BP) | അഗതിരഹിത കേരളം ആശ്രയ ജനറൽ | പുതിയത് | 50000 | | | | | | | | | | 50000 |
| 6 | | SEC(BP) | ഐ.കെ.എം പ്രവർത്തനഫണ്ട് | പുതിയത് | 38232 | | | | | | | | | | 38232 |
| 7 | | SEC(BP) | പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങും | പുതിയത് | 150000 | | | | | | | | | | 150000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8 | | MO(CHC) | പെയിൻ ആൻറ് പാലിയേറ്റീവ് കെയർ - രണ്ടാം ഘട്ടം (വൃദ്ധർ) | പുതിയത് | 1264930 | | | | | | | | | | 1264930 |
| 9 | | SEC(BP) | അതിദാരിദ്ര്യ സർവ്വേ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം - ജനറൽ | പുതിയത് | 50000 | | | | | | | | | | 50000 |
| 10 | | MO(CHC) | സി എച്ച് സി കളിലേക്ക് ഡോക്ടർ, പാരമെഡിക്കൽ സ്റ്റാഫ് വേതനം | പുതിയത് | 2220000 | | | | | | | | | | 2220000 |
| 11 | | SEC(BP) | കേരളോത്സവം | പുതിയത് | | | 150000 | | | | | | | | 150000 |
| 12 | | SEC(BP) | കാൻ തൃശ്ശൂർ - ജില്ല പഞ്ചായത്തിന് ബ്ലോക്ക് വിഹിതം | പുതിയത് | | | 30000 | | | | | | | | 30000 |
| 13 | | ADA | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | പുതിയത് | 1300000 | | | | | | | | | | 1300000 |
| 14 | | ADA | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി - വനിത | പുതിയത് | 500000 | | | | | | | | | | 500000 |
| 15 | | DEO | ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി | പുതിയത് | 1000000 | | | | | | | | | | 1000000 |
| 16 | | MO(CHC) | വൃക്കരോഗികൾക്ക് ഡയാലിസിസ് - പഞ്ചായത്തിന് വിഹിതം | പുതിയത് | 200000 | | | | | | | | | | 200000 |
| 17 | | CDPO | ശുഭാപ്തി - ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ചിട്ടുള്ള സ്കൂട്ടർ | പുതിയത് | 500000 | | | | | | | | | | 500000 |
| 18 | | SEC(BP) | തുടർ സാക്ഷരതാ പഠിതാക്കളുടെ സംഗമം | പുതിയത് | | | 50000 | | | | | | | | 50000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 19 | | SEC(BP) | വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരൻമാർക്ക് വേതനം | പുതിയത് | | | 360000 | | | | | | | | 360000 |
| 20 | | SEC(BP) | ബ്ലോക്കുപഞ്ചായത്തിനു ഐ എസ് ഒ സർട്ടിഫിക്കറ്റ് പുതുക്കൽ | പുതിയത് | | | 50000 | | | | | | | | 50000 |
| 21 | | SEC(BP) | തുടർസാക്ഷരതാ പഠിതാക്കൾക്കുള്ള ഫീസ് | പുതിയത് | | | 50000 | | | | | | | | 50000 |
| 22 | | AE | ശാന്തിനികേതൻ ഹാൾ നവീകരണം | പുതിയത് | 634578 | | | | | | | | | | 634578 |
| 23 | | ADA | പച്ചക്കുട - അയൽകൂട്ടം എഡിഎസ് ജെ എൽ ജി ഗ്രൂപ്പുകൾക്ക് പച്ചക്കറിതൈ വിതരണം | പുതിയത് | 400000 | | | | | | | | | | 400000 |
| 24 | | IEO | വൈജ്ഞാനികം വനിത ഗ്രൂപ്പ് സംരംഭകർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി ധനസഹായം | പുതിയത് | 375000 | | | | | | | | | | 375000 |
| 25 | | IEO | ഫിനിഷിംഗ് സ്കൂൾ - നൈപുണ്യ വികസനം വനിത | പുതിയത് | 500000 | | | | | | | | | | 500000 |
| 26 | | SEC(BP) | പറപ്പൂക്കര പഞ്ചായത്തിന് ഫിറ്റ്നസ് സെൻററിന് ബ്ലോക്ക് വിഹിതം (വനിത) | പുതിയത് | 600000 | | | | | | | | | | 600000 |
| 27 | | SEC(BP) | മുട്ടക്കോഴി പഞ്ചായത്തുകൾക്ക് വിഹിതം (വനിത) | പുതിയത് | 154860 | | | | | | | | | | 154860 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | | SEC(BP) | തൃശ്ശൂർ ഹെൽത്ത് ലൈൻ ജില്ലാ പഞ്ചായത്തിന് വിഹിതം | പുതിയത് | | | 50000 | | | | | | | | 50000 |
| 29 | | SEC(BP) | സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി - ജില്ല പഞ്ചായത്തന് വിഹിതം | പുതിയത് | | | 50000 | | | | | | | | 50000 |
| 30 | | SEC(BP) | എ ബി സി - ജില്ല പഞ്ചായത്തിന് വിഹിതം | പുതിയത് | | | 50000 | | | | | | | | 50000 |
| 31 | | | SLIM തൃശ്ശൂർ ജില്ല പഞ്ചായത്തിന് വിഹിതം | പുതിയത് | | | 30000 | | | | | | | | 30000 |
| 32 | | AE | എൽ എസ് ജിഡി എഞ്ചിനീയറിംഗ് വാഹനം വാടകയ്ക്ക് എടുക്കൽ | പുതിയത് | | | 360000 | | | | | | | | 360000 |
| 33 | | SEC(BP) | ജല രക്ഷ ജീവ രക്ഷ - മുരിയാട് ഗ്രാമ പഞ്ചായത്ത് കതിരപ്പിള്ളി കുളം നവീകരണം | പുതിയത് | | | | | | | | | 1499363 | | 1499363 |
| 34 | | SEC(BP) | ഊർജ്ജം- ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ പ്രവർത്തനക്ഷമമാക്കൽ | പുതിയത് | | | 200000 | | | | | | | | 200000 |
| 35 | | SEC(BP) | തനത് വരുമാനം വർദ്ധിപ്പിക്കൽ- അസറ്റ് രജിസ്റ്റർ ഡിജിറ്റലൈസേഷൻ | പുതിയത് | | | 50000 | | | | | | | | 50000 |
| 36 | | SEC (BP) | പി.എം.എ.വൈ ആവാസ് പ്ലസ് 23-24 എസ് സി | പുതിയത് | | 224000 | | | | | | | | | 224000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 37 | | SCDO | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | പുതിയത് | | 4000000 | | | | | | | | | 4000000 |
| 38 | | SEC (BP) | അഗതിരഹിത കേരളം-ആശ്രയ (എസ്.സി) | പുതിയത് | | 100000 | | | | | | | | | 100000 |
| 39 | | SEC (BP) | അതിദാരിദ്ര്യ സർവ്വേ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | പുതിയത് | | 100000 | | | | | | | | | 100000 |
| 40 | | SCDO | സാംസ്കാരികം-പട്ടികജാതി യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ | പുതിയത് | | 285000 | | | | | | | | | 285000 |
| 41 | | SEC (BP) | ലൈഫ് ഭവന പദ്ധതി എസ്.സി-ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം | പുതിയത് | | 6802000 | | | | | | | | | 6802000 |
| 42 | | MO(CHC) | വൃക്കരോഗികൾക്ക് ഡയാലിസിസ് - പഞ്ചായത്തിന് വിഹിതം | പുതിയത് | | 200000 | | | | | | | | | 200000 |
| 43 | | CDPO | അങ്കണവാടി പോഷകാഹാര പദ്ധതി എസ്.സി ബ്ലോക്ക് വിഹിതം നൽകൽ | പുതിയത് | | 400000 | | | | | | | | | 400000 |
| 44 | | AE | പാമ്പ്ലാവ് കോളനി കിണർ പൂർത്തീകരണം | പുതിയത് | | 400000 | | | | | | | | | 400000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 45 | | IEO | വൈജ്ഞാനികം വനിത ഗ്രൂപ്പ് സംരഭകർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി ധനസഹായം | പുതിയത് | | 750000 | | | | | | | | | 750000 |
| 46 | | ADA | എ ഡി എ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | പുതിയത് | | | | | | | | | | 40000 | 40000 |
| 47 | | CDPO | സി ഡി പി ഒ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | പുതിയത് | | | | | | | | | | 50000 | 50000 |
| 48 | | MO(CHC) | സി എച്ച് സി കളിലേക്ക് മരുന്നു വാങ്ങൽ | പുതിയത് | | | | | | | | | | 500000 | 500000 |
| 49 | | MO(CHC) | സി എച്ച് സി കളിലേക്ക് ദൈനംദിന ചെലവുകൾ | പുതിയത് | | | | | | | | | | 400000 | 400000 |
| 50 | | DEO | ഡയറി എക്സ്റ്റൻഷൻ ഓഫീസിലേക്ക് കണ്ടിജൻസി ചെലവുകൾ | പുതിയത് | | | | | | | | | | 20000 | 20000 |
| 51 | | SCDO | എസ് സി ഡി ഒ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | പുതിയത് | | | | | | | | | | 20000 | 20000 |
| 52 | | AE | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | പുതിയത് | | | | | | | | | | 50000 | 50000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 53 | | AEE | പ്രൊജക്ട് മീറ്റിംഗ് ഹാൾ നിർമ്മാണം, മെയിൻറനൻസ് & ഫർണീഷിംഗ് - സി ഡി പി ഒ ഓഫീസ് | പുതിയത് | | | | | | | | | | 2000000 | 2000000 |
| 54 | | SCDO | എസ് സി ഡി ഒ ഓഫീസ് ഐ.എസ്.ഒ വത്കരണം | പുതിയത് | | | | | | | | | | 300000 | 300000 |
| 55 | | CDPO | സി ഡി പി ഒ ഓഫീസ് റെക്കോർഡ് റൂം കാബിൻ തിരിക്കൽ ഐ.എസ്.ഒ അനുബന്ധ പ്രവർത്തനങ്ങൾ | പുതിയത് | | | | | | | | | | 1000000 | 1000000 |
| 56 | | AEE | കാറളം ഗ്രാമപഞ്ചായത്ത് വെള്ളാനി പ്രദേശത്ത് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | പുതിയത് | | | | | 2950400 | 1542800 | | 5000000 | | | 9533200 |
| 57 | | SEC (BP) | കിണർ റീച്ചാർജിങ്ങ് | പുതിയത് | | | | | | 1042800 | | | | | 1042800 |
| 58 | | AE | പുല്ലത്തറ എഫ്.എച്ച്.സി വാട്ടർ എ.ടി.എം | പുതിയത് | | | | | | 600000 | | | | | 600000 |
| 59 | | AEE | കാട്ടൂർ സി എച്ച് സി ചുറ്റുമതിൽ നിർമ്മാണം | പുതിയത് | | | | | | | | | | 3000000 | 3000000 |
| 60 | | AE | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ഘടക സ്ഥാപനങ്ങളുടെ നവീകരണം | പുതിയത് | | | | | | | | | | 200000 | 200000 |
| 61 | | AE | ബ്ലോക്ക് അഗ്രോ സർവ്വീസ് സെൻ്ററിന് ട്രസ് വർക്ക് | പുതിയത് | | | | | | | | | | 272000 | 272000 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 62 | | ADA | എ.ഡി.എ ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ | പുതിയത് | | | | | | | | | | 20000 | 20000 |
| 63 | | AE | SNDP ഇല്ലിക്കാട് തീപ്പെട്ടി കമ്പനി അഴുക്കുചാൽ പൂർത്തീകരണം | പുതിയത് | | | | | | 300000 | | | | | 300000 |
| 64 | | | ശുചിപൂർണ്ണ- കാറളം കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് നവീകരണം | | | | | | | 400000 | | | | | 400000 |
| 65 | | AE | ആനന്തപുരം സി.എച്ച്.സി. വാട്ടർ എ.ടി.എം | പുതിയത് | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 0 | 0 | 600000 |
| | | | **ആകെ** | | **15047000** | **13261000** | **1480000** | **0** | **2990400** | **4485600** | **0** | **5000000** | **1499363** | **7872000** | **51635363** |


DISTRICT : THRISSUR
BLOCK PANCHAYATH : IRINJALAKUDA
CHERPU BLOCK
ANTHIKKAD BLOCK
KODAKARA BLOCK
IRINJALAKUDA MUNICIPALITY
MATHILAKAM BLOCK
MALA BLOCK
VELLANGALLOOR BLOCK